ശ്രീ. സി. അച്യുതമേനോൻ : ഈ സ്പെഷ്യൽ ബ്രാഞ്ചിൽ സ്ത്രീകൾക്കു പ്രാതിനിധ്യം പാലിക്കുക എന്ന പ്രശ്നം ഇല്ല. അതിനു പറ്റിയ ആളുകളെ കിട്ടുക എന്നുള്ളതാണു്. അങ്ങനെ സമുദായം നോക്കി എടുത്തുകൊള്ളണം എന്നു വ്യവസ്ഥയില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : ശവണ്മെൻറിന്റെ അനുഭവത്തിൽ നിന്നും ഏതു വിഭാഗത്തിൽപ്പെട്ട ആളുകളാണു് ഈ നിയമനങ്ങൾക്കു് പറ്റിയതു് എന്നു കണ്ടിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : അങ്ങനെ സാമുദായിക അടിസ്ഥാനത്തിൽ പരിശോധനയില്ല.

ഹാൻഡിക്രാഫ്റ്റ്സ് ട്രെയിനിംഗ് സെൻറുകൾ.

* 1778. [25] ശ്രീ. ആർ. ജനാർദ്ദനൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തിൽ ഏതെല്ലാം ഡിസ്ട്രിക്ടിൽ ഹാൻഡിക്രാഫ്റ്റ്സ് ട്രെയിനിംഗ് സെൻറുകൾ ഉണ്ടു് ;

(ബി) ഹാൻഡിക്രാഫ്റ്റ്സ് ട്രെയിനിംഗിനുവേണ്ടി മൊത്തം എത്ര രൂപ ചെലവാക്കിയിട്ടുണ്ടു് ;

(സി) ഏതെല്ലാം ഹാൻഡിക്രാഫ്റ്റ്സാണു് പരിശീലനം നൽകിയതു് ;

(ഡി) അവയിൽ ഏതെല്ലാം നിറുത്തൽ ചെയ്തു ;

(ഇ) ഇപ്പോഴും ഏതെങ്കിലും ഹാൻഡിക്രാഫ്റ്റ്സ് ട്രെയിനിംഗ് സെൻറർ തുടരുന്നുണ്ടോ ; എങ്കിൽ ഏതാണു് ; എവിടെയെല്ലാമാണു് ;

(എഫ്) തുടരുന്നുണ്ടെങ്കിൽ എന്തു് അടിസ്ഥാനത്തിലാണു് തുടരുന്നതു് ;

(ജി) തുടരുന്ന ക്രാഫ്റ്റ്സ് ട്രെയിനിംഗിന്റെ ഇൻസ്ട്രക്ടർ ആരൊക്കെ ;

(എച്ചു്) അദ്ദേഹത്തിനു് എന്താണു് ക്വാളിഫിക്കേഷൻ ; എത്ര രൂപ ശമ്പളം ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ടി. പി. ഗോപാലൻ) :

(എ) ഈ സംസ്ഥാനത്തിൽ എറണാകുളം ഒഴിച്ചുള്ള എല്ലാ ജില്ലകളിലും ഹാൻഡിക്രാഫ്റ്റ്സ് പരിശീലനകേന്ദ്രങ്ങളുണ്ടു്.

(ബി) ഹാൻഡിക്രാഫ്റ്റ്സ് പരിശീലനത്തിനായി 1958-59-ൽ 1,19,560 രൂപ ചെലവായിട്ടുണ്ടു്.

(സി) പനയോലവ്യവസായം, ലോഹവ്യവസായം, തുണിയിൽ ചായം മുക്കലും അച്ചുകുത്തും, ദന്തം, കൊമ്പു് മരം ഇവയിൽ കൊത്തുപണി, മുള ഈറ ഇവകൊണ്ടുള്ള വ്യവസായം, അരക്കുവേല, ഇന്നൽപണിയും മിഷ്യൻ തയ്യൽ എന്നീ കൈത്തൊഴിലുകളിലാണു് പരിശീലനകേന്ദ്രങ്ങളും തുടങ്ങിയതു്.

(ഡി) ഇവയിൽ മിഷ്യൻ തയ്യലിനും ഉള്ള കേന്ദ്രങ്ങളും ഒഴിച്ചു മറ്റെല്ലാ കേന്ദ്രങ്ങളും നിറുത്തൽ ചെയ്തു.

(ഇ) തുടരുന്നുണ്ടു്. ശ്രീകാര്യം (തിരുവനന്തപുരം), കൊല്ലം, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കൊടുങ്ങല്ലൂർ, പാലക്കാടു്, വടകര, തലശ്ശേരി, പയ്യന്നൂർ എന്നീ സ്ഥലങ്ങളിലുള്ള തയ്യൽ പരിശീലനകേന്ദ്രങ്ങളും തുടർന്നു നടക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) അഖിലേൻഡ്യാ ഹാൻഡിക്രാഫ്റ്റ്സ് ബോർഡിന്റെ ശുപാർശ അനുസരിച്ചാണ് മറ്റു പരിശീലന കേന്ദ്രങ്ങളും നിലത്തൽ ചെയ്തത്. തയ്യൽ കേന്ദ്രങ്ങളും ഇപ്പോൾ നടത്തിവരുന്നതു് സ്റ്റേറ്റ് ഗവണ്മെന്റ് പദ്ധതി അനുസരിച്ചാണ്.

(ജി) തുടർന്നുവരുന്ന കേന്ദ്രങ്ങളിൽ ഒൻപതു് ഇൻസ്ട്രക്ടറന്മാരുണ്ട്

(എച്ച്) തയ്യൽ പരീക്ഷയിൽ സർട്ടിഫിക്കറ്റും തേർഡ് ക്ലാസും പാസ്സുമാണ് ഇവർക്ക് പരിഗണിയ്ക്കുന്നതു്. ഇവരുടെ ശമ്പളം 40-120 ആണ്.

ശ്രീ. എൻ. ശിവൻ പിള്ള : ഈ പറഞ്ഞ കൈവേലകളിൽ ഏറ്റവും പ്രധാനപ്പെട്ടവ നിലത്തൽ ചെയ്യുകയും തയ്യൽ പരിശീലനം മാത്രം തുടരുകയും ചെയ്തിരിക്കുന്നതു് എന്തുകൊണ്ടാണ് ?

ശ്രീ. കെ. പി. ഗോപാലൻ : അഖിലേൻഡ്യാ ഹാൻഡിക്രാഫ്റ്റ്സ് ബോർഡിന്റെ നിർദ്ദേശം അനുസരിച്ചാണ് ചെയ്തിരിക്കുന്നതു്. അവർ അതു നിലത്തൽ ചെയ്യാൻ പറഞ്ഞിരുന്നു.

SHORT NOTICE QUESTIONS AND ANSWERS.

തൊഴിൽത്തക്ക കേസുകളിൽ തൊഴിലാളി കക്ഷികൾക്കു സാമ്പത്തിക സഹായം.

* 1779. [16] ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) നിലവിലിരിക്കുന്ന തൊഴിൽത്തക്ക കേസുകളിൽ കക്ഷികളായിരിക്കുന്ന എത്ര തൊഴിലാളികൾ സാമ്പത്തികസഹായത്തിനു് അപേക്ഷിച്ചിട്ടുണ്ടു് ;

(ബി) എത്ര പേർക്കു കൊടുത്തിട്ടുണ്ടു് ;

(സി) എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ടു് ; കാരണം ;

(ഡി) തിരുവനന്തപുരം ട്രിബ്യൂണലിൽ ഐ. ഡി. 33-58-ലെ എട്ടു തൊഴിലാളികൾ പ്രസ്തുത സഹായത്തിനു് അപേക്ഷിച്ചിരുന്നോ ; എന്തായി ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) 260.

(ബി) 216.

(സി) 44. ചട്ടപ്രകാരം അർഹമല്ലാത്തതുകൊണ്ടു് നിരസിച്ചു ;

(ഡി) ഉണ്ടു്. അപേക്ഷകൾ അന്വേഷണത്തിലിരിക്കയാണ്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : നിരസിക്കാൻ കാരണമെന്താണെന്നാണ് പറഞ്ഞതു് ; നല്ലവണ്ണം ഫാറത്തിൽ എഴുതിയില്ലെന്നാണോ ?

ശ്രീ. ടി. വി. തോമസ് : ചട്ടപ്രകാരം അർഹതയില്ലാത്തതുകൊണ്ടാണ്. സാങ്കേതിക കാരണങ്ങളാൽ അതു നിരസിക്കുകയില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഈ 33-ാം നമ്പർ കേസിൽ അതു സംബന്ധിച്ചുള്ള തീരുമാനം ഉടനെ ഉണ്ടാകുമെന്നു പ്രതീക്ഷിക്കാമോ ?

ശ്രീ. ടി. വി. തോമസ് : പ്രതീക്ഷിക്കാം.

LIBRARY ARCHIVES Kerala Legislative Assembly